സഹകരണ സ്ഥാപനങ്ങളുടെ ഓഡിറ്റിംഗ്

1216 [2185] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി):
ശ്രീമതി പി. ദേവൂട്ടി:
ശ്രീ. ഒ. ഭരതൻ:
,, സി. പി. മൂസ്സാൻകുട്ടി:
,, സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സ്ഥാപനങ്ങളുടെ ഓഡിറ്റിംഗ് യഥാസമയം നടക്കാത്തതു കൊണ്ട് സർക്കാരിന് എന്തെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടോ?

ഉത്തരം

ഇല്ല. എന്നാൽ സർക്കാർ, സംഘങ്ങളിൽ അംഗമായി ചേർന്ന് ഓഹരി മൂലധനത്തിൽ പണം ഒടുക്കുമ്പോഴും ലാഭവിഹിതം യഥാസമയം സർക്കാരിന് ലഭിക്കാതെ വന്നാൽ ഡിവിഡണ്ട് തുകയ്ക്ക് ആഡിറ്റിന് കാലതാമസം ഉണ്ടാകുന്ന കാലയളവിലെ പലിശ നഷ്ടപ്പെടുന്നതാണ്.

പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

1217 [2186] ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം അവസാനമായി എന്നാണ് നടത്തിയത്;

(ബി) ശമ്പള പരിഷ്കരണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എന്നത്തേയ്ക്ക് നടത്താനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) 1—4—1979 മുതൽ 5 വർഷത്തേക്ക് പ്രാബല്യം കൊടുത്താണ് ശമ്പള പരിഷ്കരണം നടത്തിയത്.

(ബി) ഉണ്ട്.

(സി) ശമ്പള പരിഷ്കരണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി നിയുക്തമായിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചാൽ ഇതിനുവേണ്ട നടപടി എടുക്കുന്നതാണ്.

സഹകരണ ജീവനക്കാരുടെ പെൻഷൻ പ്രായം

1218 [2187] ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ജീവനക്കാരുടെ പെൻഷൻ പ്രായം എത്രയാണ്;

(ബി) അവ ഉയർത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly